(ഡി) "പാർപ്പിട സൗകര്യം മെച്ചപ്പെടുത്തൽ" എന്ന പദ്ധതിപ്രകാരം വീടുകളുടെ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധന സഹായത്തിൽ കക്കൂസ് നിർമ്മാണത്തിനും സഹായം അനുവദിക്കുന്നുണ്ട്. സമ്പൂർണ്ണ ശുചിത്വ പരിപാടിയനുസരിച്ച് കക്കൂസുകൾ നിർമ്മിച്ചു നൽകിവരുന്നു. ഇതിന് പുറമെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കക്കൂസ് നിർമ്മാണത്തിന് സഹായം നൽകുന്നത് .

റോഡ് നിർമ്മിക്കുന്നതിനും ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി

20 (843) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽപ്പെട്ട കണ്ണകോട്, പൊന്നയ്കോട്, കാരിയോട്, വടവൂർക്കോണം എന്നീ ഐ.എച്ച്.ഡി. പി. കോളനികളിൽ റോഡ് നിർമ്മിക്കുന്നതിനും ശുദ്ധജലം എത്തിക്കുന്നതിനും ഉള്ള നടപടികൾ എടുത്തിട്ടില്ല എന്നവിവരം ഗവൺമെന്റിന് അറിയാമോ ;

(ബി) റോഡ് നിർമ്മിക്കുന്നതിനുള്ള ശുദ്ധ ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനും സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽപ്പെട്ട കണ്ണകോട്, പൊന്നയ്കോട്, കാരിയോട്, വടവൂർക്കോണം എന്നീ ഐ.എച്ച്.ഡി. പി. കോളനികളിൽ റോഡും ശുദ്ധജലവിതരണ സംവിധാനവുമുണ്ട്.

(ബി) ബാധകമല്ല.

മര്യാപുരം പട്ടികജാതി ട്രെയിനിംഗ് സെന്ററിന്റെ പണി

21 (844) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മര്യാപുരം പട്ടികജാതി ട്രെയിനിംഗ് സെന്ററിന്റെ പണി പൂർത്തിയായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വൈദ്യുതീകരണജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തിയായിട്ടില്ല.

(ബി) പണി പൂർത്തിയാകുമ്പോൾ പുതുതായി നിർമ്മിച്ച കെട്ടിടം തുറന്നു പ്രവർത്തിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly